81

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

ചെറിയ പെരുന്നാൾ ആശംസകൾ

01 APRIL 2025

## സംരംഭകവർഷം പദ്ധതിക്ക്
# അമേരിക്കൻ അംഗീകാരം




അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 'നോവൽ ഇനവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' അംഗീകാരം കേരളത്തിന്റെ അഭിമാനമായ സംരംഭകവർഷം പദ്ധതിക്ക് ലഭിച്ചു. കേരളത്തിന്റെ വ്യവസായ സംരംഭകത്വ അന്തരീക്ഷത്തിന് ലഭിച്ച അംഗീകാരം സംരംഭക വർഷം പദ്ധതിയുടെ ആരംഭ കാലത്ത് കേരളത്തിന്റെ വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഇപ്പോൾ കേന്ദ്ര ടൂറിസം അഡീഷണൽ സെക്രട്ടറി ശ്രീ. സുമൻബില്ല ഐ.എ.എസ്. ഏറ്റുവാങ്ങി. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രസ്തുത പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കുകയും സംരംഭകവർഷം പദ്ധതിയെ പറ്റി സംസാരിക്കുകയും ചെയ്തു.

2025 മാർച്ച് 28 മുതൽ ഏപ്രിൽ ഒന്നുവരെ അമേരിക്കയിലെ വാഷിങ്ടൺ ഡിസിയിൽ ചേരുന്ന അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് പുരസ്കാരം






നേടാനായത് കേരളത്തിന്റെ വ്യവസായ സംരംഭകത്വ അന്തരീക്ഷത്തിന് ലഭിച്ച അംഗീകാരമാണ്. വിവിധ മേഖലകളിൽ വിദഗ്ധരായ പതിനായിരത്തിലേറെ പേർ അംഗങ്ങളായുള്ള അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ വാർഷിക സമ്മേളനം ഭരണനിർവഹണം സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒന്നായാണ് കണക്കാക്കുന്നത്. ഗവൺമെന്റ് നയങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ചും പൊതുഭരണം സംബന്ധിച്ചുമുള്ള പ്രബന്ധങ്ങളാണ് അവിടെ അവതരിപ്പിക്കപ്പെടുക. രാജ്യാന്തര വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ വ്യവസായരംഗത്ത് കേരളം കൈവരിച്ച അതുല്യമായ നേട്ടങ്ങൾ അവതരിപ്പിക്കാൻ സാധിച്ചത് സംരംഭകവർഷം പദ്ധതിക്കും കേരളത്തിന്റെ വ്യവസായ സൗഹൃദാന്തരീക്ഷത്തിനും മറ്റൊരു പൊൻതൂവൽ കൂടിയാണ്.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ഒരു ലക്ഷം വ്യവസായ സംരംഭം തുടങ്ങുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംരംഭകത്വ വർഷമായി പ്രഖ്യാപിക്കുകയായിരുന്നു. ശാസ്ത്രീയമായ കർമപദ്ധതിയും കൃത്യമായ കലണ്ടറും പ്രൊഫഷണലായ നിർവഹണസംവിധാനവും സംരംഭകവർഷത്തെ വൻ വിജയത്തിലെത്തിച്ചു. തുടർച്ചയായ രണ്ടും മൂന്നും (2023-24, 2024-25) വർഷങ്ങളിൽ സംരംഭക വർഷം പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചു മുന്നേറുകയാണ്.

ഈ വലിയ നേട്ടത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനുള്ള അവസരമായിരുന്നു അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ ക്ഷണം. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമല്ലെന്ന ആക്ഷേപങ്ങളുടെ മുനയൊടിക്കുന്നതാണ് സംസ്ഥാനത്തിന്റെ വ്യവസായ വികസനരംഗത്തെ നയങ്ങളും നേട്ടങ്ങളും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്നു എന്നത്.

350000




## വിജയകുതിപ്പ് തുടർന്ന് സംരംഭകവർഷം പദ്ധതി
# മൂന്നാം വർഷം മൂന്നര ലക്ഷം സംരംഭങ്ങൾ

സംരംഭക നിക്ഷേപക സൗഹൃദ സംസ്ഥാനമായ കേരളത്തിന് മറ്റൊരു പൊൻതൂവൽ കൂടി. അന്താരാഷ്ട്ര അംഗീകാരം നേടി മുന്നേറുന്ന സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ മൂന്നാം വർഷവും കേരളത്തിൽ 1,00,000 സംരംഭങ്ങൾ എന്ന നേട്ടം സാധ്യമായിരിക്കുകയാണ്. സംരംഭകവർഷം പദ്ധതിയിലൂടെ ഇതിനോടകം മൂന്നര ലക്ഷം സംരംഭങ്ങൾ (2025 മാർച്ച് 20 വരെയുള്ള കണക്കുകൾ പ്രകാരം) ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. 3,50,110 സംരംഭങ്ങൾക്ക് പുറമെ 22,456 കോടി രൂപയുടെ നിക്ഷേപവും 742938 തൊഴിലവസരങ്ങളും പദ്ധതിയിലൂടെ കേരളത്തിലുണ്ടായിട്ടുണ്ട്.

സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30നാരംഭിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോൾ സംരംഭകവർഷം പദ്ധതിയിലൂടെ 3,50,000 സംരംഭങ്ങളെന്ന ചരിത്രനേട്ടമാണ് കേരളം കൈവരിച്ചിരിക്കുന്നത്. പ്രതിവർഷം 10,000 സംരംഭങ്ങൾ മാത്രം ആരംഭിച്ചിരുന്ന കേരളത്തിൽ സംരംഭക വർഷം പദ്ധതി ആരംഭിക്കുകയും ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം നിശ്ചയിച്ച് പ്രവർത്തിക്കുകയും ചെയ്തതിലൂടെ 2022-23, 2023-24, 2024-25 വർഷങ്ങളിലെല്ലാം പദ്ധതി വിജയകരമായി ഒരു ലക്ഷം സംരംഭങ്ങളെന്ന നേട്ടം കൈവരിച്ചിരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക (എം എസ് എം ഇ) മേഖലയിൽ ഇന്ത്യയിലെ ബെസ്റ്റ് പ്രാക്റ്റീസ് ആയി പ്രധാനമന്ത്രി പങ്കെടുത്ത മീറ്റിങ്ങിൽ അംഗീകാരം ലഭിച്ച സംരംഭക വർഷം പദ്ധതി കഴിഞ്ഞ വർഷം ലോകത്തിലെ തന്നെ ഏറ്റവും വലിയ പബ്ലിക് അഡ്മിനിസ്ട്രേഷൻ പ്ലാറ്റ്ഫോമായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ അംഗീകാരവും നേടിയെത്തിട്ടുണ്ട്.

# പിഎംഎഫ്എംഇ പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും നൽകപ്പെട്ട ലക്ഷ്യം പൂർത്തീകരിച്ചു

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 35 ശതമാനം (10 ലക്ഷം രൂപ വരെ) സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പിന്തുണ ലഭ്യമാക്കുന്ന പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പിഎംഎഫ്എംഇ) പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും നൽകപ്പെട്ട ലക്ഷ്യം പൂർത്തീകരിച്ചു കേരളം. സംസ്ഥാന വ്യവസായ ഡയറക്ടറേറ്റിന്റെ കൃത്യമായ ആസൂത്രണവും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മികവാർന്ന നേതൃപാടവവും ആണ് കേരളത്തിന് അഭിമാന നേട്ടം സമ്മാനിച്ചത്.

2024 – 25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനായി 3000 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. നൽകപ്പെട്ട ലക്ഷ്യവും മറികടന്ന് മികവാർന്ന ലക്ഷ്യപൂർത്തീകരണമാണ് സംസ്ഥാനം കാഴ്ചവച്ചത്. 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 3086 വായ്പകൾക്കാണ് അനുവാദം നൽകിയത്. അതായത് 102% മാണ് ലക്ഷ്യ പൂർത്തീകരണം.

ഭക്ഷ്യസംസ്കരണ – മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് ആയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഡിസ്ട്രിക്റ്റ് നോഡൽ പോയിന്റ് (ഡിഎൻപി) ആയും പ്രവർത്തിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി.





പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും ലക്ഷ്യപൂർത്തീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മികവാർന്ന പ്രകടനമാണ് കാഴ്ചവച്ചത്. ജില്ലാ/പ്രാദേശിക തലത്തിൽ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പിന്തുണ നൽകുന്നതിനും അപേക്ഷകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും 14 ജില്ലകളിൽ 230 ജില്ലാ റിസോഴ്സ് പേഴ്സൺസിനെയാണ് (DRPs) നിയമിച്ചിരുന്നത്. ജില്ലാ റിസോഴ്സ് പേഴ്സൺസിന് വേണ്ട നിർദ്ദേശങ്ങൾ നൽകി ഓരോ ചുവടും ആയാസരഹിതമാക്കിയത് ജില്ലാ നോഡൽ ഓഫീസർ (DNO) ആയിരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പും ഏകോപനവും സാധ്യമാക്കിയ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ സേവനങ്ങളും സ്തുത്യർഹമാണ്. കൂടാതെ ഇവർക്കൊപ്പം എസ്എൽബിസിയുടെയും സംസ്ഥാനത്തുടനീളമുള്ള 20 ഓളം ബാങ്കുകളുടെയും പിന്തുണ കൊണ്ട് കൂടിയാണ് 2024 – 25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നിശ്ചയിച്ച ലക്ഷ്യത്തിന്റെ 102% കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത്.

# പുതിയ മുഖം

## വ്യവസായങ്ങളുടെ നിർവചനം മാറുന്നു...

വ്യവസായങ്ങളുടെ നിർവചനത്തിൽ കാതലായ പരിഷ്കാരം വരുത്തിയിരിക്കുകയാണ് കേന്ദ്രസർക്കാർ. 2006 - ലെ എംഎസ്എംഇ വികസന നിയമം അനുസരിച്ച് സംരംഭങ്ങളെ സൂക്ഷ്മ, ചെറുകിട, ഇടത്തരം എന്നിങ്ങനെ തരംതിരിക്കുന്നതിനുള്ള സാമ്പത്തിക പരിധികളാണ് കേന്ദ്ര ഗവൺമെന്റ് പരിഷ്കരിച്ചിരിക്കുന്നത്. വ്യവസായങ്ങളുടെ നിക്ഷേപത്തിന്റെ കാര്യത്തിൽ രണ്ടര മടങ്ങും വിറ്റുവരവിന്റെ കാര്യത്തിൽ രണ്ടു മടങ്ങും വർധനയാണ് പുതിയ നിർവചനം അനുസരിച്ച് വരുത്തിയിരിക്കുന്നത്. 2025 - 26 വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിൽ അവതരിപ്പിച്ച നിർവചനത്തിലെ ഈ മാറ്റങ്ങൾ 2025 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരും.

### പുതിയ നിർവചനം

#### സൂക്ഷ്മ സംരംഭം

പ്ലാന്റിലും മെഷിനറിയിലും ഉപകരണങ്ങളിലുമുള്ള നിക്ഷേപം **രണ്ടര കോടി രൂപ** അധികരിക്കാതെയും വാർഷിക വിറ്റുവരവ് **പത്ത് കോടി** അധികരിക്കാതെയും ഉള്ളവ. നേരത്തേ ഇത് യഥാക്രമം ഒരു കോടിയും അഞ്ച് കോടിയുമായിരുന്നു.

#### ചെറുകിട സംരംഭം

പ്ലാൻറ്, മെഷിനറി, ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം **25 കോടിയിൽ** അധികരിക്കാതെ ഇരിക്കുകയും വാർഷിക **വിറ്റുവരവ് 100 കോടിയിൽ** അധികരിക്കാതിരിക്കുകയും വേണം. നേരത്തേ ഇത് യഥാക്രമം 10 കോടിയും 50 കോടിയുമായിരുന്നു.

#### ഇടത്തരം സംരംഭം

പ്ലാന്റ് മെഷിനറി, ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം **125 കോടിയിലും** വിറ്റുവരവ് **500 കോടിയിലും** അധികരിക്കാതിരിക്കണം. നേരത്തേ ഇത് യഥാക്രമം 50 കോടിയും 250 കോടിയുമായിരുന്നു.

ഇവയ്ക്കു മുകളിൽ വരുന്നവ വൻകിട സംരംഭങ്ങളാണ്.

# പ്ലാന്റേഷൻ മേഖലക്ക് കൈത്താങ്ങ്

## സർക്കാർ സബ്സിഡിയിൽ ലയങ്ങൾ നവീകരിക്കുന്നു




തോട്ടംതൊഴിലാളികളുടെ ലയങ്ങൾ നിർമിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. തോട്ടം ഉടമ ലയങ്ങളിലെ നിർമാണമോ നവീകരണമോ നടത്തുമ്പോൾ ചെലവാകുന്ന തുകയുടെ 30 ശതമാനം (നവീകരണത്തിന് 50,000 രൂപവരെയും പുതിയ നിർമാണത്തിന് രണ്ടു ലക്ഷം രൂപവരെയും) സർക്കാർ സബ്സിഡിയായി അനുവദിക്കുന്നതാണ് പദ്ധതി. ചെലവാകുന്ന 13.46 കോടി രൂപയിൽ 3.61 രൂപ കോടിയാണ് സർക്കാർ സബ്സിഡിയായി നൽകുക. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പദ്ധതി ഉദ്ഘാടനം ചെയ്തു. ലയങ്ങളുടെ നിർമാണം മഴക്കാലത്തിനു മുമ്പ് പൂർത്തിയാക്കണമെന്ന് അദ്ദേഹം തോട്ടം ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

110 പുതിയ വീട് നിർമിക്കാനും 774 വീട് നവീകരിക്കാനുമായി 27 വിശദ പദ്ധതി രേഖകളാണ് തോട്ടമുടമകളിൽനിന്ന് ലഭിച്ചത്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്. തോട്ടം മേഖലയെ സംബന്ധിച്ച് ഐഐഎം കോഴിക്കോട് തയ്യാറാക്കിയ റിപ്പോർട്ടിലെ ശുപാർശകളിൽ തുടർനടപടി സ്വീകരിക്കുമെന്നും ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

2025 മാർച്ച് 14 ന് തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടൺ ഗാർഡൻ ഇൻ - ൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസ്. തുടങ്ങിയവർ സന്നിഹിതരായിരുന്നു. കണ്ണൻദേവൻ പ്ലാന്റേഷൻസ്, ടാറ്റ കൺസ്യൂമർ പ്രൊഡക്ട്സ്, എവിടി, മലങ്കര പ്ലാന്റേഷൻസ്, പാമ്പാടുംപാറ പ്ലാന്റേഷൻസ്, ഹാരിസൺ മലയാളം ലിമിറ്റഡ് എന്നീ തോട്ടങ്ങളുടെ ഉടമകൾ പദ്ധതിരേഖ കൈമാറി.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.